# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

സണ്ണി എം. സി
പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്ജ്)
ഫോൺ: 0481 2731020, 2732650,
മൊബൈൽ: 9446561939

പി.ആർ.ഒ/35/230/2016 **പത്രക്കുറിപ്പ്** 2016 ഒക്ടോബർ 27

## സമ്പൂർണ്ണ ജൈവകൃഷി സാക്ഷരതാ യജ്ഞം: ബൃഹത് പദ്ധതിയുമായി എം.ജി സർവ്വകലാശാല

കോട്ടയം ജില്ലയെ ഇന്ത്യയിലെ ആദ്യ സമ്പൂർണ്ണ ജൈവകൃഷി സാക്ഷര ജില്ലയായി പ്രഖ്യാപിക്കാൻ നാഷണൽ സർവ്വീസ് സ്കീം സഹകരണത്തോടെ വിദ്യാർത്ഥി മുന്നേറ്റത്തിലൂടെയുള്ള ബൃഹത് പദ്ധതി നടപ്പാക്കുമെന്ന് മഹാത്മാ ഗാന്ധി സർവ്വകലാശാല വൈസ് ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യൻ പ്രസ്താവിച്ചു. വിഷലിപ്തമായ ഭക്ഷ്യവസ്തുക്കളും ആധുനിക ജീവിത ശൈലികളും ഉയർത്തുന്ന ആരോഗ്യ ഭീഷണിയെ നേരിടാൻ സമ്പൂർണ്ണ ജൈവകാർഷിക സാക്ഷരത കൈവരിക്കേണ്ടതാവശ്യമാണെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു.

മഹാത്മാ ഗാന്ധി സർവ്വകലാശാല സുസ്ഥിര ജൈവകൃഷി പഠന കേന്ദ്രം നാഷണൽ സർവ്വീസ് സ്കീമിന്റെയും സംസ്ഥാന കൃഷിവകുപ്പിന്റെയും സഹകരണത്തോടെ നടപ്പാക്കുന്ന ജൈവസാക്ഷരതാ യജ്ഞത്തിന്റെ ഭാഗമായി കോട്ടയത്തെയും സമീപ ജില്ലകളിലെയും കോളജുകളിലെ എൻ.എസ്.എസ് പ്രോഗ്രാം ഓഫീസർമാർക്കായി നടത്തിയ ഏകദിന പരിശീലന പരിപാടി ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു വൈസ് ചാൻസലർ. പ്രകൃതിയെ മാതൃതുല്യമായ ആദരവോടെ കാണുന്നതിനും സംരക്ഷിക്കുന്നതിനും വിദ്യാർത്ഥി സമൂഹത്തിനും പൊതുജനത്തിനും ആവശ്യമായ അറിവും അവബോധവും സൃഷ്ടിക്കാൻ ഈ ജൈവ സാക്ഷരതാ യജ്ഞത്തിലൂടെ സാധ്യമാകുമെന്ന് ചടങ്ങിൽ സംസാരിച്ച സർവ്വകലാശാല രജിസ്ട്രാറും, ജൈവകൃഷി പഠനകേന്ദ്രം ഡയറക്ടറുമായ എം.ആർ.ഉണ്ണി പ്രത്യാശിച്ചു. സമ്പൂർണ്ണ ജൈവ സാക്ഷരതയോടൊപ്പം കേന്ദ്രപദ്ധതിയായ സ്വച്ഛ് ഭാരത് മിഷനുമായി സഹകരിച്ച് ശുചിത്വ സാക്ഷരത നേടുന്നതിനും പദ്ധതി ലക്ഷ്യം വയ്ക്കുന്നു. ജൈവ സാക്ഷരതാ യജ്ഞത്തിന്റെ പൈലറ്റ് പ്രോജക്ട് കോട്ടയം ജില്ലയിലെ ഉഴവൂർ ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കും.

പരിശീലനം നേടിയ 5000 എൻ.എസ്.എസ് വോളന്റിയർമാർ വീടുകളിലെത്തി ജൈവകൃഷി ബോധവൽക്കരണത്തിനും കൃഷിക്കും നേതൃത്വം നൽകും. അടുത്ത ജൂൺ 5ന് ലോകപരിസ്ഥിതി ദിനത്തിൽ കോട്ടയം ജില്ലയെ സമ്പൂർണ്ണ ജൈവകാർഷിക സാക്ഷര ജില്ലയായി പ്രഖ്യാപിക്കാൻ ഈ പദ്ധതി വിഭാവനം ചെയ്യുന്നു.

സർവ്വകലാശാല അസംബ്ലി ഹാളിൽ നടന്ന ചടങ്ങിൽ ഉഴവൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എം.റ്റി.മേരി, എൻ.എസ്.എസ് പ്രോഗ്രാം കോ-ഓർഡിനേറ്റർ ഡോ. കെ. സാബുക്കുട്ടൻ, ഡോ. എ.പി. തോമസ്, ജൈവകൃഷി പരിശീലകൻ ഡെന്നീസ് ജോർജ്ജ് എന്നിവരും സംസാരിച്ചു. വിവിധ കോളജുകളിൽ നിന്നായി 100 എൻ.എസ്.എസ് പ്രോഗ്രാം ഓഫീസർമാർ പങ്കെടുത്തു.

**അടിക്കുറിപ്പ്**

മഹാത്മാ ഗാന്ധി സർവ്വകലാശാല സുസ്ഥിര ജൈവകൃഷി പഠന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ എൻ.എസ്.എസ് പ്രോഗ്രാം ഓഫീസർമാർക്കായി നടത്തിയ ഏകദിന പരിശീലന പരിപാടി വൈസ് ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യൻ ഉദ്ഘാടനം ചെയ്യുന്നു. എൻ.എസ്.എസ് പ്രോഗ്രാം കോ-ഓർഡിനേറ്റർ ഡോ. കെ. സാബുക്കുട്ടൻ, രജിസ്ട്രാർ എം.ആർ.ഉണ്ണി, ഡോ. എ.പി. തോമസ്, ഉഴവൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എം.റ്റി.മേരി എന്നിവർ സമീപം

## എം.ജി പി.ജി ഏകജാലകം: രണ്ടാം സപ്ലിമെന്ററി അലോട്മെന്റ് പ്രസിദ്ധീകരിച്ചു

എം.ജി സർവ്വകലാശാല പി.ജി പ്രവേശനത്തിനുള്ള രണ്ടാം സപ്ലിമെന്ററി അലോട്മെന്റ് പ്രസിദ്ധീകരിച്ചു. രണ്ടാം സപ്ലിമെന്ററി അലോടമെന്റ് ലഭിച്ച അപേക്ഷകർ ഓൺലൈനായി സർവ്വകലാശാല അക്കൗണ്ടിൽ വരേണ്ട ഫീസടച്ച് അലോട്മെന്റ് മെമ്മോയുടെ പ്രിന്റൗട്ട് എടുത്ത് യോഗ്യത തെളിയിക്കുന്ന അസ്സൽ സാക്ഷ്യപത്രങ്ങൾ സഹിതം ഒക്ടോബർ 31ന് വൈകുന്നേരം 4 മണിക്കകം അലോട്മെന്റ് ലഭിച്ച കോളജിൽ പ്രവേശനം നേടണം. 31-നകം ഫീസ് ഒടുക്കാത്തവരുടെയും പ്രവേശനം നേടാത്തവരുടെയും അലോട്മെന്റ് റദ്ദാക്കും.

## ബി.ടെക്/ബി.ആർക്: ടൈംടേബിൾ

ബി.ടെക് മൂന്ന്, അഞ്ച്, ഏഴ്, എട്ട് സെമസ്റ്റർ, ബി.ആർക് മൂന്ന്, അഞ്ച്, ഒൻപത് സെമസ്റ്റർ പരീക്ഷകളുടെ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. സർവ്വകലാശാല വെബ് സൈറ്റിൽ ലഭ്യമാണ്.

## പ്രാക്ടിക്കൽ പരീക്ഷ

രണ്ടാം സെമസ്റ്റർ എം.എസ്.സി ഐ.റ്റി ഡിഗ്രി പരീക്ഷയുടെ പ്രാക്ടിക്കൽ നവംബർ 1ന് കോന്നി വി. എൻ.എസ് ആർട്സ് ആന്റ് സയൻസ് കോളജിൽ വച്ച് നടത്തും. വിദ്യർത്ഥികൾ അസ്സൽ ഹാൾ ടിക്കറ്റുകളുമായി ഹാജരാകണം.

രണ്ടാം സെമസ്റ്റർ എം.എസ്.സി കംപ്യൂട്ടർ സയൻസ് ഡിഗ്രി പരീക്ഷയുടെ പ്രാക്ടിക്കൽ നവംബർ 4 മുതൽ അതത് കോളജുകളിൽ വച്ച് നടത്തും. വിശദമായ ടൈംടേബിൾ സർവ്വകലാശാല വെബ് സൈറ്റിൽ ലഭിക്കും.

## പരീക്ഷാ ഫലം

2015 ഡിസംബർ മാസം നടത്തിയ മൂന്നാം സെമസ്റ്റർ എം.എസ്.സി അപ്ലൈഡ് ഫിസിക്സ് (സി.എസ്.എസ് –റഗുലർ/സപ്ലിമെന്ററി) ഡിഗ്രി പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഉള്ള അപേക്ഷകൾ നവംബർ 10 വരെ സ്വീകരിക്കും.

2015 ഡിസംബർ മാസം നടത്തിയ മൂന്നാം സെമസ്റ്റർ എം.എ സോഷ്യോളജി (റഗുലർ/ബെറ്റർമെന്റ്/സപ്ലിമെന്ററി–സി.എസ്.എസ്) ഡിഗ്രി പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഉള്ള അപേക്ഷകൾ നവംബർ 10 വരെ സ്വീകരിക്കും.

2015 ഡിസംബർ മാസം നടത്തിയ മൂന്നാം സെമസ്റ്റർ എം.എസ്.സി ബോട്ടണി (സി.എസ്.എസ് – റഗുലർ, സപ്ലിമെന്ററി) ഡിഗ്രി പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഉള്ള അപേക്ഷകൾ നവംബർ 10 വരെ സ്വീകരിക്കും.

## നാട്ട് തുടിപ്പ്–2016: ഇടമലക്കുടി ആദിവാസി സംഘത്തിന്റെ കലാവിരുന്ന് ഇന്ന് മുതൽ

മഹാത്മാ ഗാന്ധി സർവ്വകലാശാല ലൈഫ് ലോങ് ലേണിംഗ് ആന്റ് എക്സ്റ്റൻഷൻ പഠനവകുപ്പിന്റെയും അലുമിനി അസോസിയേഷന്റെയും സഹകരണത്തോടെ ഭാരതീയ വിദ്യാഭവനും ഇൻഫോസിസ് ഫൗണ്ടേഷനും സംയുക്തമായി നടത്തുന്ന ദ്വിദിന പൈതൃകോത്സവം നാട്ട് തുടിപ്പ്–2016 കോട്ടയം സുവർണ ഓഡിറ്റോറിയത്തിൽ ഇന്ന് ആരംഭിക്കും. പൈതൃക സംസ്കൃതിയുടെയും ഗ്രാമ്യഗോത്രവർഗ്ഗ കലാരൂപങ്ങളുടെയും സംരക്ഷണവും, പുനരാവിഷ്ക്കാരവും, വ്യാപനവും ലക്ഷ്യമാക്കി ആരംഭിക്കുന്ന ഈ സാംസ്ക്കാരിക വിനിമയ പരിപാടിയിൽ സംസ്ഥാന വനംവകുപ്പും കോട്ടയം കളിയരങ്ങും നാഷണൽ സർവ്വീസ് സ്കീമും സഹകരിക്കുന്നുണ്ട്.

പുറംലോകത്തിന് ഇന്നും അന്യമായ ഇടുക്കി ജില്ലയിലെ ഇടമലക്കുടി ഗോത്രവർഗ ആചാരാനുഷ്ഠാനങ്ങളും സംഗീത–വാദ്യ–നൃത്ത രൂപങ്ങളും, കേരളീയ തനത് കലാരൂപമായ കളമെഴുത്തുപാട്ടും, കഥകളിയുടെ സോദാഹരണ പ്രഭാഷണവും കഥകളി കച്ചേരിയുമാണ് നാട്ടുതുടിപ്പിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ദക്ഷിണേന്ത്യയിലെ പ്രഥമ ഗോത്ര വർഗ്ഗ പഞ്ചായത്തായ ഇടമലക്കുടി പഞ്ചായത്ത് അധികൃതരുടെയും വനംവകുപ്പിന്റെയും നേതൃത്വത്തിൽ 30 അംഗ ഗോത്രവർഗ്ഗസംഘമാണ് കോട്ടയത്ത് നടക്കുന്ന നാട്ടുതുടിപ്പിൽ എത്തുക. ഇടമലക്കുടി റേഞ്ച് ഫോറസ്റ്റ് ഓഫീസർ പി.പി. അനിൽകുമാർ, ഇടമലക്കുടി പഞ്ചായത്ത് പ്രസിഡന്റ് ഗോവിന്ദ് രാജ്, ഇടമലക്കുടി ആദിവാസി സംരക്ഷണ സമിതി സെക്രട്ടറിമാരായ രമേശ്, രാജൻ, സുരാജ്, ബാബു, ദേവാനന്ദ് തുടങ്ങിയവർ പരിപാടികൾക്ക് നേതൃത്വം നൽകും. നാഷണൽ സർവ്വീസ് സ്കീം സമാഹരിച്ച 300 പുസ്തകങ്ങൾ ഇടമലക്കുടിയിൽ ആരംഭിക്കുന്ന ലൈബ്രറിയ്ക്കായി ആദ്യഗഡുവായി തദവസരത്തിൽ കൈമാറും.

ഇന്ന് ഉച്ചയ്ക്ക് 2 മണിയോടെ മംഗളസൂചകമായ സോദാഹരണ കളമെഴുത്ത് നടക്കും. തുടർന്ന് നാലരയ്ക്ക് മഹാത്മാ ഗാന്ധി സർവ്വകലാശാല വൈസ് ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യൻ അദ്ധ്യക്ഷത വഹിക്കുന്ന യോഗ ത്തിൽ തിരുവഞ്ചൂർ രാധാകൃഷ്ണൻ എം.എൽ.എ. പരിപാടികൾ ഉദ്ഘാടനം ചെയ്യും. ഭാരതീയ വിദ്യാഭവൻ കേരള കേന്ദ്രത്തിന്റെ സെക്രട്ടറി പ്രൊഫ. സി. മോഹൻകുമാർ, കോട്ടയം കേന്ദ്രത്തിന്റെ ചെയർമാൻ ഡോ. പി. ജി. രാമകൃ ഷ്ണപിള്ള, സെക്രട്ടറി ഡോ. സി. പി. വിജയൻ, എം.ജി സർവ്വകലാശാലാ ലൈഫ് ലോങ് ലേണിംഗ് മേധാവി ഡോ. കെ. സാബുക്കുട്ടൻ, അലുമിനി അസോസിയേഷൻ പ്രസിഡന്റ് ജി. ശ്രീകുമാർ തുടങ്ങിയവർ സംസാരിക്കും.

ശനിയാഴ്ച രാവിലെ 10 മുതൽ വൈകിട്ട് 8 വരെ കളമെഴുത്ത് പ്രദർശനവും ഉണ്ടായിരിക്കും. കളിയരങ്ങിന്റെ ആഭിമുഖ്യത്തിൽ വൈകിട്ട് നാലര മുതൽ സുഭദ്രാഹരണം കഥകളിയുടെ സോദാഹരണ പ്രഭാഷണവും കഥകളിപദ കച്ചേരിയും അരങ്ങേറും. കലാനിലയം രാജീവൻ, സിനു (ആലാപനം), കലാമണ്ഡലം വേണുമോഹൻ, കലാഭാരതി ജയശങ്കർ (മേളം) എന്നിവർ അകമ്പടി സേവിക്കും.

## എം.ജിയിൽ പണ്ഡിറ്റ് വിശ്വമോഹൻ ഭട്ടിന്റെ വീണാ സംഗീതപരിപാടി

മഹാത്മാ ഗാന്ധി സർവ്വകലാശാല അന്തർസർവ്വകലാശാല സംഗീത ശാസ്ത്ര പഠനകേന്ദ്രം, സൊസൈറ്റി ഫോർ പ്രമോഷൻ ഓഫ് ഇന്ത്യൻ ക്ലാസിക്കൽ മ്യൂസിക് ആന്റ് കൾച്ചർ എമംങ് യൂത്ത്–ന്റെ കോട്ടയം ചാപ്റ്റർ എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ ഗ്രാമി അവാർഡ് ജേതാവ് പത്മശ്രീ പണ്ഡിറ്റ് വിശ്വമോഹൻ ഭട്ടിന്റെ പ്രഭാഷണവും മോഹന വീണാ സംഗീത പരിപാടിയും ഇന്ന് (വെള്ളി) രാവിലെ 10.30ന് സർവ്വകലാശാല സ്കൂൾ ഓഫ് പ്യൂവർ ആന്റ് അപ്ലൈഡ് ഫിസിക്സ് സെമിനാർ ഹാളിൽ വച്ച് നടത്തും. വൈസ് ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യൻ, സിൻഡിക്കേറ്റംഗം കെ. ഷെറഫുദ്ദീൻ, വേലായുധക്കുറുപ്പ്, ഡോ. കെ. ജയചന്ദ്രൻ, ഡോ. ബിജു പി.ആർ എന്നിവർ ചടങ്ങിൽ പങ്കെടുക്കും.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)